ശമീർ മദീനി

# **അഞ്ച്** (b)

# ദഅ്വത്തിനുവേണ്ടി കൂട്ടായ്മ...?

**ഭിന്നിപ്പ് ആപത്ത്**

ഐക്യത്തോടും പരസ്പര സഹകരണത്തോടും ജീവിക്കാൻ നിർദേശിച്ച ഇസ്‌ലാം ഭിന്നിപ്പിന്റെ ഭവിഷത്തിനെക്കുറിച്ചും താക്കീത് ചെയ്തു.

وَأَطِيعُوا۟ ٱللَّهَ وَرَسُولَهُۥ وَلَا تَنَٰزَعُوا۟ فَتَفْشَلُوا۟ وَتَذْهَبَ رِيحُكُمْ ۖ وَٱصْبِرُوٓا۟ ۚ إِنَّ ٱللَّهَ مَعَ ٱلصَّٰبِرِينَ

"അല്ലാഹുവെയും അവന്റെ ദൂതനെയും നിങ്ങൾ അനുസരിക്കുകയും ചെയ്യുക. നിങ്ങൾ ഭിന്നിച്ച് പോകരുത്. എങ്കിൽ നിങ്ങൾക്ക് ധൈര്യക്ഷയം നേരിടുകയും നിങ്ങളുടെ വീര്യം (നശിച്ചു)പോവുകയും ചെയ്യും. നിങ്ങൾ ക്ഷമിക്കുക. തീർച്ചയായും അല്ലാഹു ക്ഷമാശീലരുടെ കൂടെയാകുന്നു"(8:46).

عَنِ ابْنِ عُمَرَ قَالَ: قَالَ رَسُولُ اللَّهِ صَلَّى اللَّهُ عَلَيْهِ وَسَلَّمَ .... عَلَيْكُمْ بِالْجَمَاعَةِ وَإِيَّاكُمْ وَالْفُرْقَةَ فَإِنَّ الشَّيْطَانَ مَعَ الْوَاحِدِ وَهُوَ مِنَ الِاثْنَيْنِ أَبْعَدُ مَنْ أَرَادَ بُحْبُوحَةَ الْجَنَّةِ فَلْيَلْزَمِ الْجَمَاعَةَ ( الترمذى )

നബി(ﷺ) പറഞ്ഞു: "നിങ്ങൾ സംഘടിതമായി നിലകൊള്ളുക. ഭിന്നതയെ സൂക്ഷിക്കുക. നിശ്ചയം പിശാച് ഒറ്റക്കുള്ളവനോടുകൂടെയായിരിക്കും. അവൻ രണ്ടാളുകളിൽ നിന്ന് അകന്നായിരിക്കും ഉണ്ടാവുക. ആരെങ്കിലും സ്വർഗം ആഗ്രഹിക്കുന്നുവെങ്കിൽ അവൻ സംഘത്തോടു ചേർന്നു നിൽക്കട്ടെ!" (തിർമിദി).

തനിച്ച് ചെയ്യാവുന്ന പല കർമങ്ങളും സംഘമായി ചെയ്യുവാൻ ശക്തമായി കല്പിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുമ്പോൾ സംഘടിതമായല്ലാതെ പരിപൂർണമായി നിർവഹിക്കാൻ കഴിയാത്ത ദഅ്വത്ത് പോലുള്ള കാര്യങ്ങളിൽ കൂട്ടായ്മ അനിവാര്യമാണെന്ന് മനസ്സിലാക്കാവുന്നതാണ്.

**ദഅ്വത്തിനുവേണ്ടിയുള്ള സംഘടന തിന്മയോ?**

ഒറ്റക്ക് കൈവരിക്കാൻ സാധിക്കാത്ത പല നേട്ടങ്ങളും ഒരു കൂട്ടായ്മയിലൂടെ കരസ്ഥമാക്കാൻ കഴിയും. ദഅ്വത്തിന്റെ കാര്യവും ഇതിൽനിന്ന് വ്യത്യസ്തമല്ല. ദൈവദൂതന്മാരും അവരുടെ അനുചരന്മാരുമെല്ലാം പരസ്പരം സഹകരിച്ച് സംഘടിച്ചുതന്നെയാണ് ദഅ്വത്ത് നിർവഹിച്ചിരുന്നത്. ദഅ്വത്തിനിറങ്ങുന്ന മൂസാനബി(ﷺ)യുടെ പ്രാർഥന ഖുർആൻ ഉദ്ധരിക്കുന്നു:

قَالَ رَبِّ ٱشْرَحْ لِى صَدْرِى ۝ وَيَسِّرْ لِىٓ أَمْرِى ۝ وَٱحْلُلْ عُقْدَةً مِّن لِّسَانِى ۝ يَفْقَهُوا۟ قَوْلِى ۝ وَٱجْعَل لِّى وَزِيرًا مِّنْ أَهْلِى ۝ هَٰرُونَ أَخِى ۝ ٱشْدُدْ بِهِۦٓ أَزْرِى ۝ وَأَشْرِكْهُ فِىٓ أَمْرِى ۝ كَىْ نُسَبِّحَكَ كَثِيرًا ۝ وَنَذْكُرَكَ كَثِيرًا ۝ إِنَّكَ كُنتَ بِنَا بَصِيرًا

"അദ്ദേഹം പറഞ്ഞു: എൻെറ രക്ഷിതാവേ, നീ എനിക്ക് ഹൃദയ വിശാലത നൽകേണമേ. എനിക്ക് എൻെറ കാര്യം നീ എളുപ്പമാക്കി ത്തരേണമേ. ജനങ്ങൾ എൻെറ സംസാരം മനസ്സിലാക്കേണ്ടതിനായി എൻെറ നാവിൽനിന്ന് നീ 'കെട്ട്'ഴിച്ച് തരേണമേ. എൻെറ കുടുംബ ത്തിൽ നിന്ന് എനിക്ക് നീ ഒരു സഹായിയെ ഏർപെടുത്തുകയും ചെയ്യേണമേ. അതായത് എൻെറ സഹോദരൻ ഹാറൂനെ, അവൻ മുഖേന എൻെറ ശക്തി നീ ദൃഢമാക്കുകയും, എൻെറ കാര്യത്തിൽ അവനെ നീ പങ്കാളിയാക്കുകയും ചെയ്യേണമേ. ഞങ്ങൾ ധാരാളമാ യി നിൻെറ പരിശുദ്ധിയെ വാഴ്ത്തുവാനും, ധാരാളമായി നിന്നെ ഞങ്ങൾ സ്മരിക്കുവാനും വേണ്ടി. തീർച്ചയായും നീ ഞങ്ങളെപ്പറ്റി കണ്ടറിയുന്നവനാകുന്നു"(20:25-35).

وَأَخِى هَٰرُونُ هُوَ أَفْصَحُ مِنِّى لِسَانًا فَأَرْسِلْهُ مَعِىَ رِدْءًا يُصَدِّقُنِىٓ ۖ إِنِّىٓ أَخَافُ أَن يُكَذِّبُونِ

"എൻെറ സഹോദരൻ ഹാറൂൻ എന്നെക്കാൾ വ്യക്തമായി സം സാരിക്കാൻ കഴിവുള്ളവനാകുന്നു. അതുകൊണ്ട് എന്നോടൊപ്പം എൻെറ സത്യത സ്ഥാപിക്കുന്ന ഒരു സഹായിയായിക്കൊണ്ട് അവ നെ നീ നിയോഗിക്കേണമേ. അവർ എന്നെ നിഷേധിച്ച് കളയുമെന്ന് തീർച്ചയായും ഞാൻ ഭയപ്പെടുന്നു" (28:34)

അതിനുത്തരം നൽകിക്കൊണ്ട് അല്ലാഹു പറഞ്ഞു:

قَالَ سَنَشُدُّ عَضُدَكَ بِأَخِيكَ وَنَجْعَلُ لَكُمَا سُلْطَٰنًا فَلَا يَصِلُونَ إِلَيْكُمَا ۚ بِـَٔايَٰتِنَآ أَنتُمَا وَمَنِ ٱتَّبَعَكُمَا ٱلْغَٰلِبُونَ

"അവൻ (അല്ലാഹു) പറഞ്ഞു: നിൻെറ സഹോദരൻ മുഖേന നിൻെറ കൈക്ക് നാം ബലം നൽകുകയും, നിങ്ങൾക്കിരുവർക്കും നാം ഒരു ആധികാരിക ശക്തി നൽകുകയും ചെയ്യുന്നതാണ്. അതി നാൽ അവർ നിങ്ങളുടെ അടുത്ത് എത്തുകയില്ല. നമ്മുടെ ദൃഷ്ടാന്ത ങ്ങൾ നിമിത്തം നിങ്ങളും നിങ്ങളെ പിന്തുടരുന്നവരും തന്നെയായി രിക്കും വിജയികൾ" (28:35).

يَٰٓأَيُّهَا ٱلَّذِينَ ءَامَنُوا۟ كُونُوٓا۟ أَنصَارَ ٱللَّهِ كَمَا قَالَ عِيسَى ٱبْنُ مَرْيَمَ لِلْحَوَارِيِّـۧنَ مَنْ أَنصَارِىٓ إِلَى ٱللَّهِ ۖ قَالَ ٱلْحَوَارِيُّونَ نَحْنُ أَنصَارُ ٱللَّهِ ۖ فَـَٔامَنَت طَّآئِفَةٌ مِّنۢ بَنِىٓ إِسْرَٰٓءِيلَ وَكَفَرَت طَّآئِفَةٌ ۖ فَأَيَّدْنَا ٱلَّذِينَ ءَامَنُوا۟ عَلَىٰ عَدُوِّهِمْ فَأَصْبَحُوا۟ ظَٰهِرِينَ

"സത്യവിശ്വാസികളേ, നിങ്ങൾ അല്ലാഹുവിൻെറ സഹായികളായിരിക്കുക. മർയമിൻെറ മകൻ ഈസാ 'അല്ലാഹുവിങ്കലേക്കുള്ള മാർഗത്തിൽ എൻെറ സഹായികളായി ആരുണ്ട്' എന്ന് ഹവാരികളോട് ചോദിച്ചതുപോലെ. ഹവാരികൾ പറഞ്ഞു: 'ഞങ്ങൾ അല്ലാഹുവിൻെറ സഹായികളാകുന്നു'. അപ്പോൾ ഇസ്റാഈൽ സന്തതികളിൽ പെട്ട ഒരു വിഭാഗം വിശ്വസിക്കുകയും മറ്റൊരു വിഭാഗം അവിശ്വസിക്കുകയും ചെയ്തു. എന്നിട്ട് വിശ്വസിച്ചവർക്ക് അവരുടെ ശത്രുവിനെതിരിൽ നാം പിൻബലം നൽകുകയും അങ്ങനെ അവർ മികവുറ്റവരായിത്തീരുകയും ചെയ്തു" (61:14)

ഈ ആയത്തിനെ വിശദീകരിച്ചുകൊണ്ട് ഇമാം ഇബ്നു കഥീർ പറയുന്നു:

قـــال من أنصاري إلى الله أي معيني في الدعوة إلى الله عز وجل؟
(تفسير ابن كثير : ٤ \ ٤٦٢)

"അല്ലാഹുവിങ്കലേക്കുള്ള മാർഗത്തിൽ എൻെറ സഹായികളായി ആരുണ്ട്? (61:14). അതായത് <u>അല്ലാഹുവിലേക്കുള്ള ദഅ്വത്തിൽ എന്നെ സഹായിക്കാനാരുണ്ട്</u>..." (തഫ്സീർ ഇബ്നു കഥീർ. വാ: 4 പേജ്: 462).

نحن أنصار الله أي نحن أنصارك على ما أرسلت بـــه وموازروك على ذلك ولهذا بعثهم دعاة إلى الناس في بلاد الشام في الإسرائيلين واليونانيين وهكذا كان رسول الله صلى الله عليه وسلم يقول في أيام الحج "من رجل يؤويني حتى أبلغ رسالة ربـــي؟ فإن قريشـــا قـــد منعوني أن أبلغ رسالة ربي "حـــتى قـــيض الله عز وجل له الأوس والخزرج من أهل المدينة فبايعوه ووازروه وشـــارطوه أن يمنعوه من الأسود والأحمر إن هو هاجر إليهم فلما هاجر إليهم بـــمن معه من أصحابه وفوا له بما عاهدوا الله عليه ولهذا سماهم الله ورسوله الأنصار وصار ذلك علما عليهم رضـــي الله عنهـــم وأرضاهـــم
(تفسير ابن كثير : ٤ \ ٤٦٢،٤٦٣ )

"ഞങ്ങൾ അല്ലാഹുവിൻെറ സഹായികളാകുന്നു'' (61:14).

"അതായത്, താങ്കൾ ഏതൊരു ദൗത്യവുമായിട്ടാണോ നിയുക്തനായിരിക്കുന്നത് അതിൽ താങ്കളെ ഞങ്ങൾ ശക്തമായി പിന്തുണക്കുന്നതാണ്. അതുകൊണ്ടാണ് മൂസാനബി അവരെ ഇസ്റാഈല്യരിലേക്കും ഗ്രീക്കുകാരിലേക്കും പ്രബോധകരായി അയച്ചത്. ഇപ്രകാരം തന്നെ മുഹമ്മദ് നബി(ﷺ) ഹിജ്റക്കുമുമ്പുള്ള ഹജ്ജ് വേളകളിൽ പറയുമായിരുന്നു: "ആരാണ് എൻെറ റബ്ബിൻെറ സന്ദേശം ജനങ്ങൾക്ക് എത്തിച്ചുകൊടുക്കുന്നതിനായി എനിക്ക് സംരക്ഷണം നൽകുക? ഖുറൈശികൾ അതിൽനിന്ന് എന്നെ തടയുകയാണ്". അങ്ങനെ മദീനക്കാരായ ഔസുകാരെയും ഖസ്റജുകാരെയും അല്ലാഹു നബി(ﷺ)ക്ക് ഏർപെടുത്തിക്കൊടുത്തു. അവർ അദ്ദേഹത്തോട് കരാർ ചെയ്യുകയും പിന്തുണക്കുകയും ചെയ്തു. തങ്ങളുടെ കൂടെ വരികയാണെങ്കിൽ എല്ലാ സന്ദർഭത്തിലും സഹായികളും സംരക്ഷകരുമായി ഉണ്ടാകുമെന്നവർ വാക്കുകൊടുത്തു. നബി(ﷺ) തന്നോടൊപ്പമുള്ള അനുചരന്മാരോടൊത്ത് ഹിജ്റ ചെയ്ത് മദീനയിലെത്തിയപ്പോൾ അല്ലാഹുവിൻെറ പേരിൽ ചെയ്ത ആ ഉടമ്പടി അവർ പാലിച്ചു. ഇക്കാരണത്താൽ അല്ലാഹുവും അവൻെറ റസൂലും അവരെ അൻസാറുകൾ (സഹായികൾ) എന്ന് വിളിച്ചു. അത്അവരുടെ മഹത്ത്വപൂർണമായ നാമധേയമായി മാറി" (തഫ്സീർ ഇബ്നു കഥീർ. വാ: 4, പേ: 462,463).

സത്യവിശ്വാസികളോട് മൊത്തത്തിൽ ആ മാർഗത്തിൽ സഹകരിക്കാനാണല്ലോ ആയത്തി(61:14)ൻെറ ആദ്യത്തിൽ പറയുന്നത്. 'ഉലുൽ അസ്മു'കളിൽപെട്ട മഹാന്മാരായ ഈ പ്രവാചകന്മാർക്ക് ദഅ്വത്തിൻെറ മാർഗത്തിൽ പരസഹായവും സഹകരണവും ആവശ്യമായെങ്കിൽ, ദഅ്വത്ത് നല്ല രീതിയിൽ നടക്കണമെന്ന് ആത്മാർഥമായി ആഗ്രഹിക്കുന്ന ഏത് വിശ്വാസിക്കാണ് ദഅ്വത്തിൻെറ കൂട്ടായ്മയെ എതിർത്തുകൊണ്ട് ഒറ്റക്ക് പ്രവർത്തിച്ചാൽ മതി എന്ന് പറയുവാൻ സാധിക്കുക?

തുടരും...